ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ തെക്കൻ താലൂക്കുകളിൽ കൂടുതലും തൊടുപുഴ തുടങ്ങിയ വടക്കൻ താലൂക്കുകളിൽ കുറവുമാണെന്നു പറയുന്നതു ശരിയല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : സർ, അടുത്ത കാലത്തുണ്ടായിട്ടുള്ള ഗതാഗതവർദ്ധനവിനെക്കുടി അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ റോഡുകളും പുതുതായി ക്ലാസിഫൈ ചെയ്യണമെന്നും അതിനനുസരിച്ചു മെയിൻറനൻസ് ഗ്രാൻറു നിശ്ചയിക്കണമെന്നുമാണു് ചോദ്യം 'ബി'യിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. റോഡുകളും മെയിൻറനൻസ് ചെയ്യുന്നതിനുള്ള ക്ലാസിഫിക്കേഷൻ നടത്തിയിരുന്ന കാലത്തുണ്ടായിരുന്നതിനേക്കാളും അമ്പതിരട്ടിയും അറുപതിരട്ടിയും വാഹന ഗതാഗതം വർദ്ധിച്ചിട്ടുണ്ടു് ഇപ്പോൾ. ബസ്സുകളും വഴിയായും ലോറികളും വഴിയായും വലിയൊരു തുക ഗവണ്മെൻറിനു് ആദായമായും കിട്ടുന്നുണ്ടു്. മെയിൻറനൻസ് ഇല്ലാത്തതുകൊണ്ടു് ഗതാഗതസൗകര്യം ഇല്ലാത്ത റോഡുകളാണു് മലബാർ ഭാഗത്തുള്ളതു്. ഈ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ടു് മലബാർ ജില്ലയിലെ റോഡുകളും റീ ക്ലാസിഫൈ ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : സംസ്ഥാനം ഒട്ടുക്കുള്ള റോഡുകളും റീ ക്ലാസിഫൈ ചെയ്യുകയും മെയിൻറനൻസിനുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ മേശപ്പുറത്തു വച്ചിട്ടുള്ള ലിസ്റ്റു് നോക്കിയാൽത്തന്നെ മനസ്സിലാകും 61–62–ൽ വച്ചിട്ടുള്ളതിനേക്കാളും തുക കൂടുതലാണു് 62–63–ൽ വച്ചിരിക്കുന്നതെന്നു്. ഓരോ വർഷവും മെയിൻറനൻസിലുള്ള തുക വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. അതുതന്നെയും ഇപ്പോൾ മതിയാകുന്നില്ല. ഇങ്ങനെ റീക്ലാസിഫൈ ചെയ്യുതുകൊണ്ടുമാത്രം പ്രയോജനമില്ല റീ ക്ലാസിഫിക്കേഷൻ നടത്തുകയും അതിനനുസരിച്ചുള്ള മെയിൻറനൻസ് ഗ്രാൻറു് തുക അനുവദിച്ചുകിട്ടുകയും ചെയ്യുന്നുണ്ടെങ്കിലെ പ്രയോജനമുള്ള എന്നതായാലും ഈ കാര്യം ഗവണ്മെൻറു് പര്യാലോചിക്കുന്നുണ്ടു്.

തണ്ണീർമുക്കം പ്രോജക്ടിൻറെ പണി

* 119. [9] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം പ്രോജക്ടിൻറെ പണി എത്രകൊല്ലംകൊണ്ടു പൂർത്തിയാക്കുന്നതിനാണു് ഉദ്ദേശിക്കപ്പെട്ടിരുന്നതു്;

(ബി) ഇപ്പോൾ പണി ആരംഭിച്ചിട്ടു് എത്ര വർഷമായി;

(സി) ഇതിനകം എത്രമാത്രം പണിതീർന്നു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) അടുത്ത രണ്ടു വർഷംകൊണ്ടു്.

(ബി) മൂന്നുവർഷം

(സി) ഡെസ്ക്കിംഗു് ഒഴിച്ചു മറ്റു ജോലികളുടെ ഏകദേശം മൂന്നിൽ ഒരു ഭാഗം തീർന്നു കഴിഞ്ഞു.

ശ്രീ. എസ്സ്. കുമാരൻ : ഇതൊരു ദീർഘകാല പദ്ധതിയാണു്. ഇതിൽ എത്ര തുക ഇതുവരെ ചെലവായിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആകെ വച്ചിട്ടുള്ളതു 150 ലക്ഷം രൂപയാണു്. അതിൽ രണ്ടാം പദ്ധതിക്കാലത്തു 53 87 ലക്ഷം രൂപ ചെലവു ചെയ്തു കഴിഞ്ഞിട്ടുണ്ടു്. മൂന്നാം പദ്ധതിക്കാലത്തു മൊത്തം വച്ചിരുന്നതു് 90·25 ലക്ഷം രൂപയാണു്. 61–62–ൽ 16·6 ലക്ഷവും 62–63–ൽ 19·81 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ടു്. 63–64–ലേക്കു് മൊത്തം വച്ചിരിക്കുന്ന സംഖ്യ 16·24 ലക്ഷം രൂപയാണു്. അതു റീ ഓർഗനൈസു് ചെയ്തു ഭേദഗതി വരുത്തിയിട്ടുണ്ടു്, ഫൈനൽ അലോട്ടുമെൻറു് 13·96 ലക്ഷം രൂപയാണു്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : വെച്ചൂർ പണി ആരംഭിച്ചിട്ട് മൂന്നു വർഷമായി. അതിന്റെ ഫയിൽസ് പലയിടത്തും കേടാകുകയും വളഞ്ഞു ഒടിഞ്ഞുപോകുകയും ചെയ്തിട്ടുണ്ട്. എന്നൊരു പരാതി നിലവിലുണ്ട്. അതേപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. ആർ. സുഗതൻ : മൂന്നുകൊല്ലംകൊണ്ട് പദ്ധതിയുടെ ആകെയുള്ള നീളത്തിന്റെ മൂന്നിലൊന്നേ പണിതിട്ടുള്ളൂ. ബാക്കിയുള്ള മൂന്നിൽ രണ്ടുഭാഗം പണിതു തീർക്കുന്നതിനു ഇനിയും രണ്ടുകൊല്ലം വേണമെന്നും പറഞ്ഞു ഇക്കണക്കിനു പോയാൽ ഈ രണ്ടു കൊല്ലംകൊണ്ടു പണിതു തീർക്കാൻ കഴിയുമോ ? അതേപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടു പറഞ്ഞതാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അന്വേഷിച്ചിട്ടു പറഞ്ഞതുതന്നെയാണു്.

റിസർച്ചു് സ്റ്റേഷൻസു്

* 120. [10] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എത്ര റിസർച്ചു് സ്റ്റേഷൻസു് ഉണ്ടു് ;

(ബി) ഓരോ റിസർച്ചു് സ്റ്റേഷനും സ്ഥാപിച്ചിട്ടു് എത്ര വർഷം വീതമായിട്ടുണ്ടു് ;

(സി) ഓരോ റിസർച്ചു് സ്റ്റേഷനോടും അനുബന്ധിച്ചു ലാബറട്ടറികളും വല്ലതുമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ലാബറട്ടറികളും സ്ഥാപിക്കാതിരിപ്പാൻ കാരണമെന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ, ബി) വിവരങ്ങൾ അടങ്ങിയ † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്

(സി) എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനുകളോടനുബന്ധിച്ചും ആവശ്യമുള്ള ഉപകരണങ്ങളോടുകൂടിയ ചെറുതോതിലുള്ള ലാബറട്ടറികളും ഉണ്ടു്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. കെ. ഹസ്സൻ ഗനി : എല്ലാ സ്റ്റേഷനുകളിലും ലാബറട്ടറികളും ഉണ്ടെന്നാണോ പറയുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സാധന സാമഗ്രികളും അടങ്ങിയ വലിയ ലാബറട്ടറികളും ഉണ്ടെന്നല്ല പറയുന്നതു്. അവശ്യം വേണ്ട സാധനങ്ങളും അടങ്ങിയ ചെറിയതോതിലുള്ള ലാബറട്ടറികളും എല്ലാ റിസർച്ചു സ്റ്റേഷനുകളിലും ഉണ്ടു്.

ശ്രീ. കെ. ഹസ്സൻ ഗനി : എന്നാൽ ഇന്നു പല റിസർച്ചുസ്റ്റേഷനുകളിലും ലാബറട്ടറികളും ഇല്ലാത്തതുകൊണ്ടു് വൃക്ഷങ്ങൾക്കുണ്ടാകുന്ന സുഖക്കേടു് പരിശോധിച്ചു പരിഹാരം കണ്ടുപിടിക്കുന്നതിനു സാധിക്കാതെ വരുന്നുണ്ടെന്നുള്ള പരാതിയെ അടിസ്ഥാനപ്പെടുത്തി ലാബറട്ടറികളും ഇല്ലാത്ത സ്ഥലങ്ങളിൽ ഏറ്റവും വേഗത്തിൽ ലാബറട്ടറികളും സ്ഥാപിക്കുന്നതിനുവേണ്ട നടപടികളും കൈക്കൊള്ളുമോ ?

---

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly